പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3571

17.10.2011 ൽ മറുപടിയ്ക്ക്

**വേദനാസംഹാരികൾ മയക്കമരുന്നായി ഉപയോഗിക്കുന്നതിനെതിരെ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തേക്ക് വൻതോതിൽ വേദനാസംഹാരികൾ കടത്തി മയക്കമരുന്നായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്തേക്ക് വൻതോതിൽ വേദനാ സംഹാരികൾ കടത്തി മയക്ക മരുന്നായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയും അവയ്ക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) അന്യസംസ്ഥാന തൊഴിലാളികൾ കൂട്ടതലായി താമസിക്കുന്ന ഇടങ്ങളിലാണ് ഇത്തരം മരുന്നുകളുടെ വിപണനം നടക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) കഴിഞ്ഞ മാസങ്ങളിൽ ഇത്തരം മരുന്നുകളുടെ ആയിരക്കണക്കിന് ആംപ്യൂളുകൾ പോലീസ് പിടിച്ചെടുത്തു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) കീറ്റമിൻ എന്ന വേദന സംഹാരി മരുന്ന് വൻതോതിൽ വിമാനത്താവളങ്ങൾ വഴി കടത്താൻ ശ്രമിച്ചതായി കണ്ടെത്തിയതിനാൽ പോലീസ് സേന പ്രസ്തുത മരുന്ന് Narcotic Drugs and Psychotropic Substances Act (എൻ.ഡി.പി.എസ് ആക്ട്) പ്രകാരം കണ്ടുകെട്ടുകയും കുറ്റവാളികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) എങ്കിൽ ഇതിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ? | (ഡി) എൻ.ഡി.പി.എസ് ആക്ട് പ്രകാരം ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ , നിയമപരമായ നടപടി സ്വീകരിക്കുന്നതിന് പോലീസിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ വിധത്തിലുള്ള മരുന്നുകൾ ഔഷധമായി ( വേദന സംഹാരി കൾ)മെഡിക്കൽ ഷോപ്പുകൾ വഴി വിൽക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പാണ് ലൈസൻസ് നൽകുന്നത്. പർച്ചേസ് ബിൽ, പ്രിസ്ക്രിപ്ഷൻ , സെയിൽസ് റെക്കോഡ്സ് മുതലായ രേഖകൾ സൂക്ഷിക്കാതെ ടി മരുന്നുകൾ വില്പന നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി എടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ